# പതിമൂന്നാം കേരളനിയമസഭ

## ആറാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട നിയമസഭാ</u>

<u>ചോദ്യം നം.69</u> <u>12.12.2012 ൽ മറുപടിക്ക്</u>

<u>എൻഡോസൾഫാൻ ദുരിതബാധിതർ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.റ്റി.വി.രാജേഷ്:<br>,, ഇ.പി.ജയരാജൻ:<br>,, കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>,, സി.കൃഷ്ണൻ | | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | എൻഡോസൾഫാൻ ദുരിതബാധിതരുടെ പുതിയ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | എൻഡോസൾഫാൻ ദുരിതബാധിതരുടെ പുതിയ പട്ടിക തയ്യാറാക്കിയിട്ടില്ല. എന്നാൽ നിലവിൽ അംഗീകരിക്കപ്പെട്ട 4182 പേരുടെ പട്ടികയിൽപെട്ട പൂർണ്ണമായും കിടപ്പിലായവർ, ബുദ്ധിമാന്ദ്യം സംഭവിച്ചവർ, ശാരീരിക വൈകല്യമുള്ളവർ എന്നീ വിഭാഗങ്ങളുടെ പ്രത്യേകം ലിസ്റ്റ് മനുഷ്യാവകാശ കമ്മീഷൻ ശുപാർശ ചെയ്ത പ്രകാരം നഷ്ടപരിഹാരം നൽകുന്നതിനായി തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) | എന്ത് മാനദണ്ഡപ്രകാരമാണ് പഴയ ലിസ്റ്റിൽ നിന്നും നിരവധിപേരെ ഒഴിവാക്കിയതെന്ന് വ്യക്തമാക്കുമോ; | (ബി) | അംഗീകരിക്കപ്പെട്ട ലിസ്റ്റിൽ നിന്നും ഇതുവരെ ആരെയും ഒഴിവാക്കിയിട്ടില്ല. |
| (സി) | വിദഗ്ധ ഡോക്ടർമാരുടെ സഹായത്തോടെ ദുരിതബാധിതരുടെ ലിസ്റ്റ് തയ്യാറാക്കണമെന്ന നിർദ്ദേശത്തോടുള്ള നിലപാട് വ്യക്തമാക്കുമോ; | (സി) | വിദഗ്ധ ഡോക്ടർമാരുടെ സഹായത്തോടെയും ശുപാർശ പ്രകാരവും ആണ് നിലവിലുള്ള പട്ടിക തയ്യാറാക്കിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ഡി) | ഇതുവരെ എത്രപേർക്ക് നഷ്ട പരിഹാരം നൽകിയെന്നും ഇതിനായി എന്ത് തുക കളക്ടർക്ക് കൈമാറിയെന്നും അറിയിക്കുമോ; | (ഡി) | മനുഷ്യാവകാശ കമ്മീഷൻ ശുപാർശ ചെയ്ത പ്രകാരം സർക്കാർ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ പൂർണ്ണമായും കിടപ്പിലായ 101 പേർക്ക് ഇതിനകം നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. കൂടാതെ പൂർണ്ണമായും കിടപ്പിലായ 84 പേർ, ബുദ്ധിമാന്ദ്യം സംഭവിച്ച 796 പേർ, ശാരീരിക വൈകല്യമുള്ള 632 പേർ എന്നവർക്ക് കൂടി നഷ്ടപരിഹാരം നൽകാൻ ഇപ്പോൾ ഉത്തരവായിട്ടുണ്ട്. തുക വിതരണം ഈ മാസം തന്നെ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>മനുഷ്യാവകാശ കമ്മീഷൻ ശുപാർശ ചെയ്ത പ്രകാരം പട്ടികയിൽ ഉൾപ്പെട്ട പൂർണ്ണമായും കിടപ്പിലായവർ, ബുദ്ധിമാന്ദ്യം സംഭവിച്ചവർ , ശാരീരികവൈകല്യമുള്ളവർ എന്നിവർക്ക് നഷ്ടപരിഹാരം അനുവദിക്കുന്നതിനായി പ്ലാന്റേഷൻ കോർപ്പറേഷനിൽ നിന്നും 27.0425 കോടി രൂപ ജില്ല കളക്ടർക്ക് അനുവദിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന സർക്കാരിൽ നിന്നും എൻഡോസൾഫാൻ ദുരിതബാധിതരായി മരിച്ചവരുടെ ബന്ധുക്കൾക്ക് നൽകുന്നതിനായി 6.625 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| (ഇ) | ഇതിനായി ലഭിച്ച കേന്ദ്ര സഹായം എന്തെന്ന് വ്യക്തമാക്കുമോ? | (ഇ) | ഇതിനായി ഇതുവരെയും കേന്ദ്രസഹായം ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ